# കേരള സർവകലാശാല

നം. പി.ആർ.190/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് ഒപ്റ്റോഇലക്ട്രോണിക്സ് (2017 അഡ്മിഷൻ സീറ്റൊഴിവ്)

കേരള സർവകലാശാല കാര്യവട്ടം ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ AICTE അംഗികൃത എം.ടെക് ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷനി (ഒപ്റ്റോ ഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്യൂണിക്കേഷൻ)ലെ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി ആഗസ്റ്റ് 29-ന് രാവിലെ 11 മണിക്ക് ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്.

### എം.ബി.എ പരീക്ഷ

കേരള സർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദേശീയ അറബി സെമിനാറും കവിയരങ്ങും

കേരള സർവകലാശാല അറബി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17, 18 തീയതികളിൽ കാര്യവട്ടം കാമ്പസിൽ ദേശീയ അറബി സെമിനാറും കവിയരങ്ങും സംഘടിപ്പിക്കും. അറബി കവിതാ മേഖലയിൽ കേരളത്തിന്റെ പങ്ക് എന്ന വിഷയത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താൽപര്യമുള്ളവർ 9562722485 എന്ന നമ്പറിൽ ബന്ധപ്പെടുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യു.ഐ.ടി കളിലെ പി.ജി പ്രവേശനം

കേരള സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ.ടി കളിൽ പുതുതായി അനുവദിച്ചിട്ടുള്ള പി.ജി കോഴ്സുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 31 വരെ അഡ്മിഷൻ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in)ചെയ്യാവുന്നതാണ്. കരുവാറ്റ യു.ഐ.ടിയിൽ എം.എസ്സി കമ്പ്യൂട്ടർ സയൻസും നെയ്യാറ്റിൻകര, പത്തനാപുരം, വക്കം, കൊല്ലം, മാന്നാർ യു.ഐ.ടി കളിൽ എം.കോം (ഫിനാൻസ്) കോഴ്സുമാണ് അനുവദിച്ചിരിക്കുന്നത്. പത്തനാപുരം, ആലപ്പുഴ യു.ഐ.ടി കളിൽ അനുവദിച്ചിരിക്കുന്ന എം.എസ്. ഡബ്ലിയു കോഴ്സിലേക്കുള്ള അഡ്മിഷൻ ഓൺലൈൻ വഴിയായിരിക്കില്ല നടത്തുന്നത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് ലഭ്യമാക്കുന്നതാണ്.

### ബി.എസ്സി പുനഃപരീക്ഷ

കേരള സർവകലാശാല ആഗസ്റ്റ് ഏഴിന് നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ മാത്തമാറ്റിക്സ് പേപ്പറിന്റെ (MM 1231.6) പുനഃപരീക്ഷ ആഗസ്റ്റ് 29 ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടക്കും.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ: ഈവനിംഗ് ബാച്ച് പ്രവേശനം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടി ഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. കോഴ്സ് ഫീസ് 6000 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

## ഇന്റഗ്രേറ്റഡ് (പഞ്ചവൽസരം) ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റ ഗ്രേറ്റഡ് (പഞ്ചവൽസരം) ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീ ക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 20 വരെ അപേ ക്ഷിക്കാം.

## ബി.എം-എം.എ.എം (ഇന്റഗ്രേറ്റഡ് എം.ബി.എ) പരീക്ഷ

കേരള സർവകലാശാല നടത്തുന്ന രണ്ടും (റഗുലർ & സപ്ലിമെന്ററി), നാലും (റഗുലർ) സെമസ്റ്റർ (2015 സ്കീം) ബി.എം-എം.എ.എം (ഇന്റഗ്രേറ്റഡ് എം.ബി.എ) പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ രണ്ട് (50 രൂപ പിഴ യോടെ സെപ്റ്റംബർ എട്ട്, 125 രൂപ പിഴയോടെ സെപ്റ്റംബർ 14) വരെ സർവ കലാശാല വെബ്സൈറ്റ് വഴി ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 13-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) ഇംപ്രൂവ്മെന്റ് സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
24.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098